"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് പദ്ധതീതര (നോൺ പ്ലാൻ) വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും രണ്ടാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.201/2025/SJD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-

1. 06.06.2025-ലെ സ. ഉ. (സാധാ) നമ്പർ. 135/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
2. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ 12.06.2025-ലെ എസ്.ജെ.ഡി./2036/2025-ഒ. സി.ബി.1 നമ്പർ കത്ത്.

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർ ഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺപ്ലാൻ എന്ന ശിർഷകത്തിൽ പദ്ധതീതര വിഹിതമായി 33,14,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക റിലീസ് ചെയ്തു നൽ കണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത ബോർഡ് മെമ്പർസെക്രട്ടറി പ്രപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 6,62,800/- രൂപ ധനസഹായമായി അനുവദിച്ച് കൊണ്ട് പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. മേൽപറഞ്ഞ ശീർഷകത്തിൽ നീക്കിയിരുപ്പുള്ള തുക (26,51,200/- രൂപ) രണ്ടാം ഗഡു ധനസഹായമായി പ്രസ്തുത ബോർഡിന് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 2-പ്രകാരം ബോർഡ് മെമ്പർസെക്രട്ടറി പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺപ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 33,14,000/- രൂപയിൽ നിന്നും 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) ബോർഡിനുള്ള ഈ സാമ്പത്തിക വർഷത്തെ രണ്ടാംഗഡു ധനസഹായമായി അനുവദിച്ച് കൊണ്ടും പ്രസ്തുത തുക വികാസ്ഭവൻ സബ് ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നം. 70112140000000004 ലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്,വികാസ് ഭവൻ,
മൂന്നാംനില, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (15.07.2025-ലെ
ഡബ്ലിയു.ഡബ്ലിയു.2/315/2022/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 23-07-2025 16:31:30
സെക്ഷൻ ഓഫീസർ